പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 275** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>വൈപ്പിൻ മണ്ഡലത്തിലെ സപ്ലൈകോ ഔട്ട്ലെറ്റുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടോണി ചമ്മണി ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** വൈപ്പിൻ മണ്ഡലത്തിലെ ജനസംഖ്യയും പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിഗണിച്ച് കൂടുതൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** വൈപ്പിൻ നിയോജക മണ്ഡലത്തിന് കീഴിലെ എല്ലാ പഞ്ചായത്തുകളിലും നിലവിൽ സപ്ലൈകോ വിൽപ്പനശാലകൾ പ്രവർത്തിച്ചുവരുന്നു. ടി മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനം ആജീവനാന്ത വാടക രഹിത കെട്ടിടവും അടിസ്ഥാന സൗകര്യങ്ങൾക്കായി ഒരു ലക്ഷം രൂപയും അനുവദിക്കുന്ന പക്ഷം രണ്ടാമത്തെ വിൽപ്പനശാല ആരംഭിക്കുന്നതാണ്.

**(ബി)** മണ്ഡലത്തിലെ ഓരോ പ്രദേശത്തെയും റേഷൻ കാർഡ് കുടുംബങ്ങളുടെ എണ്ണം, റേഷൻകടകളുടെ എണ്ണം, സപ്ലൈകോ വിൽപ്പനശാലകളുടെ ലഭ്യത, ജനസംഖ്യ എന്നിവ അടിസ്ഥാനമാക്കി ഭക്ഷ്യവിതരണ സംവിധാനത്തിന്റെ സമഗ്രമായ മാപ്പിംഗ് നടത്തിയിട്ടുണ്ടോ; നടത്തിയിട്ടില്ലെങ്കിൽ അത്തരമൊരു പഠനം നടത്തി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** റേഷൻ കടകൾ/സപ്ലൈകോ വിൽപ്പനശാല ക്രമീകരിക്കുന്നത് നിയമസഭ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലല്ല. പഞ്ചായത്തിലെ വാർഡിന്റെ അടിസ്ഥാനത്തിലാണ്. താലൂക്ക്/ സിറ്റി (കോർപ്പറേഷൻ) അടിസ്ഥാനത്തിലാണ് നിലവിൽ റേഷൻ കാർഡുകളുടെ എണ്ണവും, അതിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബാംഗങ്ങളുടെ എണ്ണവും റേഷൻ കടകളുടെ എണ്ണവും ക്രമീകരിച്ചിരിക്കുന്നത്. മറ്റ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്രമായ മാപ്പിംഗ് ഒന്നും നടത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**